No. ADM/PR/2008 Dated, 19/12/2008

<u>പത്രപ്രസ്താവന</u>

കോഴിക്കോട്: കാലിക്കറ്റ് എൻഐടി ഉൾപ്പെടെ രാജ്യത്തെ 20 എൻഐടികളിലെ ബിടെക്, ബിആർക്ക് കോഴ്സുകളിലേക്ക് 10+2 അഥവാ തുല്യമായ യോഗ്യതാ പരീക്ഷ ജയിച്ചവർക്കുള്ള പ്രവേശനം സി.ബി.എസ്.ഇ., ന്യൂഡൽഹി 2009 ഏപ്രിൽ 26 നു നടത്തുന്ന ഓൾ ഇൻഡ്യ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷ (AIEEE 2009) യിലെ റാങ്കിൻെറ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷാ ഫോറം സിൻഡിക്കേറ്റ് ബാങ്കിൻെറ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് ശാഖകളിൽ 2009 ജനുവരി 5 വരെ ലഭിക്കും. അപേക്ഷാ ഫോറത്തിൻെറ വില ജനറൽ/ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 450 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു 225 രൂപയും ആണ്. എന്നാൽ ബി.ഇ./ബി.ടെക്ക്, ബി.ആർക്ക്/ബി.പ്ലാനിങ് എന്നീ രണ്ട് കോഴ്സുകളിലേക്ക് പരിഗണിക്കപ്പെടാൻ അധിക ഫീസായി ജനറൽ/ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർ 300 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 150 രൂപയും നൽകണം. അധിക ഫീസ് അപേക്ഷ പൂരിപ്പിച്ച് നൽകുമ്പോൾ ഡിമാൻഡ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം അയച്ചാൽ മതിയാകും. **അപേക്ഷ താഴെ പറയുന്ന മേൽ വിലാസത്തിൽ സ്പീഡ് പോസ്റ്റ് ആയോ റെജിസ്റ്റേർഡ് പോസ്റ്റ് ആയോ ലഭിക്കേണ്ട അവസാനതീയതി 10.01.2009. :"അസിസ്റ്റൻറ് സെക്രട്ടറി (AIEEE-09), സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ, P S.1-2, ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, പത്പർഗൻജ്, ഐ.പി.എക്സ്റ്റൻഷൻ, ഡൽഹി–110092."**

**ആപ്ലിക്കേഷൻ ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 05.01.2009 ആണ്.** ഓൺലൈൻ ആപ്ലിക്കേഷൻ അയയ്ക്കുന്നതിനു മുമ്പായി അപേക്ഷകൻ www.aieee.nic.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് വിവരങ്ങൾ മനസ്സിലാക്കി വേണ്ടുന്ന തയ്യാറെടുപ്പ് നടത്തിയതിനു ശേഷം ഓൺലൈൻ ആപ്ലിക്കേഷൻ പൂരിപ്പിക്കുകയും വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രകാരമുള്ള പ്രിൻറൗട്ടും, ഫീസിനെ സംബന്ധിക്കുന്ന രേഖകളും **താഴെ പറയുന്ന മേൽ വിലാസത്തിൽ സ്പീഡ് പോസ്റ്റ് ആയോ റെജിസ്റ്റേർഡ് പോസ്റ്റ് ആയോ 10.01.2009 നു മുമ്പായി കിട്ടത്തക്കവിധം അയയ്ക്കണം. : "അസിസ്റ്റൻറ് സെക്രട്ടറി (AIEEE-09), സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ, P S.1-2, ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, പത്പർഗൻജ്, ഐ.പി.എക്സ്റ്റൻഷൻ, ഡൽഹി–110092."**

കൂടുതൽ വിവരങ്ങൾക്കായി അപേക്ഷകൻ www.aieee.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

വിദേശ ഇന്ത്യക്കാരുടെ ആശ്രിതർക്ക് (മകൻ/മകൾ) കോഴിക്കോട് എൻഐടിയിൽ നീക്കിവച്ചിട്ടുള്ള ഏതാനും എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള പ്രവേശനവും ഓൾ ഇൻഡ്യ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷ (AIEEE 2009) യിൽ നേടിയ യോഗ്യതാ അടിസ്ഥാനത്തിൽ ആയിരിക്കും. കോഴിക്കോട് എൻഐടിയിലേക്കുള്ള **എൻ.ആർ.ഐ. സീറ്റിലേക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ മാർച്ച് 2009 ന് കോഴിക്കോട് എൻഐടിയുടെ വെബ്സൈറ്റിലും അതോടൊപ്പം പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.**

Sd/-

**ഡയറക്ടർ**

**എൻ.ഐ.ടി. കാലിക്കറ്റ്**